പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5545 | 28.07.2015 ൽ മറുപടിയ്ക്ക് |
|---|---|

**മാതൃക അംഗൻവാടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.പി.മുഹമ്മദ്**<br>**,, ഷാഫി പറമ്പിൽ**<br>**,, സണ്ണി ജോസഫ്**<br>**,, എം.പി.വിൻസെന്റ്** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) സംസ്ഥാനത്ത് മാതൃക അംഗൻവാടികൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) ആറ് വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ/അമ്മമാർ, വയോജനങ്ങൾ എന്നിവർക്കുള്ള സേവനം ഒരങ്കണവാടി മുഖേന നൽകുക എന്നതാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) ഒരു നിയോജകമണ്ഡലത്തിൽ ഒന്നു വീതമാണ് മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. നാളിതുവരെ 108 നിയോജകമണ്ഡലങ്ങളിൽ മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും 44 മാതൃക അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 10 സെന്റ് ഭൂമി ആവശ്യമാണ്. 23.75 ലക്ഷം രൂപയാണ് ഒരു അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ ചെലവ്. ആയതിനോടൊപ്പം 15% വരെ അധികരിക്കുന്ന തുകയും വിനിയോഗിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന നടപ്പിലാക്കി വരുന്നു.<br>നിലവിൽ നിർമ്മാണം പൂർത്തീകരിച്ച മാതൃക അങ്കണവാടികളിൽ ആവശ്യമായ ഫർണിച്ചറുകൾ, പുസ്തകങ്ങൾ, കമ്പ്യൂട്ടർ, ടെലിവിഷൻ എന്നീ സാധന സാമഗ്രികൾ വാങ്ങുന്നതിനും ടി അങ്കണവാടികളിലെ ഉദ്യോഗസ്ഥർക്ക് ടി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സംബന്ധിച്ച് ട്രെയിനിംഗ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ